ടെമ്പിൾ സ്കാഡിന്റെ പ്രവർത്തനം

*30 [467] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്രക്കവർച്ചകൾ അമർച്ച ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ട് രൂപീകരിച്ചിട്ടുള്ള ടെമ്പിൾ സ്കാഡ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ടെമ്പിൾ സ്കാഡിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ & ബി) ക്ഷേത്രക്കവർച്ചകൾ അമർച്ച ചെയ്യാനായിട്ടുള്ള ടെമ്പിൾ സ്കാഡ് നിലവിൽ പ്രവർത്തിക്കുന്നില്ല.

ടെമ്പിൾ സ്കാഡ് പുനരാരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സമ്പൂർണ്ണ വൈദ്യുതീകരണത്തിന് കേന്ദ്ര സഹായം

1 [2618] ഡോ. തോമസ് ഐസക്:
ശ്രീ. എം. വി. ജയരാജൻ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വൈദ്യുതി നയമനുസരിച്ച് എല്ലാ ഭവനങ്ങളും വൈദ്യുതീകരിക്കാനുള്ള എന്തെങ്കിലും പദ്ധതി സംസ്ഥാനത്ത് ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനായി എന്തു തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും കേന്ദ്ര ഗവൺമെന്റ് ഇതിലേക്ക് എന്തു സഹായം നൽകുമെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നിബന്ധനകൾ മുന്നോട്ട് വച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിൽ വൈദ്യുതി ഇനിയും ലഭിച്ചിട്ടില്ലാത്ത ഭവനങ്ങളെ സംബന്ധിച്ച് കണക്കുകൾ ലഭ്യമാണോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ "ആക്സിലറേറ്റഡ് റൂറൽ ഇലക്ട്രിഫിക്കേഷൻ ഓഫ് വൺ ലാക് വില്ലേജസ് ആന്റ് വൺ ക്രോർ ഹൗസ് ഹോൾഡ്സ്" പദ്ധതി അനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 62,116 വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായുള്ള റവന്യൂ വില്ലേജുകളിൽ വരുന്ന 2700 ഗ്രാമ പ്രദേശങ്ങൾ വൈദ്യുതീകരിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 62,116 വീടുകൾ വൈദ്യുതീകരിക്കുന്നതിന് 931.74 ലക്ഷം രൂപ ചെലവ് വരും. ഒരു കണക്ഷന് 1500 രൂപ പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കും, 2700 ഗ്രാമപ്രദേശങ്ങളുടെ വൈദ്യുതീകരണത്തിനായി ഏകദേശം 348.11 കോടി രൂപ ചെലവ് വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. 90 ശതമാനം തുകയും കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിക്കും.

(സി) ഉണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും 500 വാട്ട്സിൽ താഴെ കണക്ടഡ് ലോഡ് വരുന്നതും പോസ്റ്റ് വേണ്ടാത്തതുമായ ഉപഭോക്താക്കളേയും ഇതുവരെ വൈദ്യുതി എത്താത്ത പ്രദേശങ്ങളെയുമാണ് കേന്ദ്ര സർക്കാരിന്റെ "ആക്സിലറേറ്റഡ് റൂറൽ ഇലക്ട്രിഫിക്കേഷൻ ഓഫ് വൺ ലാക് വില്ലേജസ് ആന്റ് വൺ ക്രോർ ഹൗസ് ഹോൾഡ്സ്" എന്ന പദ്ധതിയിൽ ഉൾപ്പെടുത്താൻ തെരഞ്ഞെടുക്കുന്നത്.

(ഡി) 2001-ലെ സെൻസസ് പ്രകാരം 19,62,484 ഭവനങ്ങൾ ഇനിയും വൈദ്യുതീകരിച്ചിട്ടില്ലാത്തതായി അവശേഷിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

2004-05-ലെ വൈദ്യുതി വികസന പദ്ധതികൾ

2 [2619] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-05 വർഷത്തിൽ വൈദ്യുതി വിതരണ മേഖലയ്ക്കായി എത്ര കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly